"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

10-12-2024,തിരുവനന്തപുരം

നമ്പർ.C3/116/2024-HEDN

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം

സാങ്കേതിക വിദ്യാഭ്യാസഡയറക്ടർ

തിരുവനന്തപുരം

ഡയറക്ടർ,

LBS Centre for Science & Technology

ഹെഡ് ഓഫീസ് നന്ദാവനം

തിരുവനന്തപുരം

ഡയറക്ടർ,

Institute of Human Resources Development (IHRD)

ചാക്ക, പേട്ട പി ഒ

തിരുവനന്തപുരം

രജിസ്ട്രാർ

കേരള , എം ജി, CUSAT, കാലിക്കറ്റ് കണ്ണൂർ ശ്രീ ശങ്കര സംസ്കൃതം, മലയാളം NUALS, ശ്രീ നാരായണഗുരു ഓപ്പൺ എ പി ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റികൾ

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്- അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന്റെ ഭാഗമായി കോളേജ്/സർവകലാശാല വിദ്യാർത്ഥികൾക്കായി വീഡിയോ/റീൽസ് നിർമ്മാണ മത്സരം നടത്തുന്നത് സംബന്ധിച്ച്

സൂചന:- വീഡിയോ/റീൽസ് നിർമ്മാണ മത്സരം ബ്രോഷർ

ജനുവരി 14-15 തീയതികളിൽ കൊച്ചിൻ സർവകലാശാലയിൽ വെച്ച് നടക്കുന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന്റെ ഭാഗമായി കോളേജ്/സർവകലാശാല വിദ്യാർത്ഥികൾക്കായി വീഡിയോ/റീൽസ് നിർമ്മാണ മത്സരം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി പ്രോഗ്രാമിന്റെ ബ്രോഷർ ഇതോടൊന്നിച്ചയയ്ക്കുന്നു. പരിപാടിയുടെ വിശദാംശങ്ങൾ താങ്കളുടെ വകുപ്പിന് കീഴിലുള്ള മുഴുവൻ കോളേജുകളിലും സർവകലാശാല പഠന വകുപ്പുകളിലും പബ്ലിക് അനൗൺസ്മെന്റ് ആയി അറിയിക്കുവാനും ബ്രോഷർ "നോട്ടീസ് ബോർഡുകളിൽ" പ്രദർശിപ്പിക്കുവാനും നിർദേശിക്കുന്നു.

വിശ്വസ്തതയോടെ,

JAYASREE T V

അണ്ടർ സെക്രട്ടറി

Endorsement No. ACB1/misc/2024 dtd 10/12/2024

Copy Communicated to all the Head's of the institutions for information and necessary action

Dr. Jayaprakash. P

Joint Director (ECS)

Dr. JAYAPRAKASH. P

SENIOR JOINT DIRECTOR (ECS)

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Salini P
Date: 10-12-2024 17:01:19

സെക്ഷൻ ഓഫീസർ.

**Shaping Kerala's Future:**

**International Conclave on Next Gen Higher Education**

**14-15 January, 2025 @ CUSAT**

**Video/Reels Competition**

**ജനുവരി 14- 15 തീയതികളിൽ കൊച്ചിയിൽ വെച്ച് നടക്കുന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥികൾക്കായി "വീഡിയോ/ റീൽസ്" മത്സരം സംഘടിപ്പിക്കുന്നു.**

**പ്രതിപാദ്യ വിഷയം**

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ മത്സരാർത്ഥിയുടെ/മത്സരാർത്ഥികളുടെ കോളേജിൽ ഉണ്ടായിട്ടുള്ള പുതിയ കെട്ടിടങ്ങൾ, ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം, ഗ്രൗണ്ട്, ഹോസ്റ്റൽ മുതലായ അടിസ്ഥാന സൗകര്യ വികസനങ്ങൾ, പഠന-പഠനേതര രംഗത്തുള്ള മികച്ച മാതൃകകൾ, കോളേജിലെ വിവിധ ക്ലബ്ബുകൾ സംഘടിപ്പിച്ച മികച്ച പ്രവർത്തനങ്ങൾ, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ നടന്ന മികച്ച പ്രവർത്തനങ്ങൾ.

**യോഗ്യത**

സംസ്ഥാനത്തെ ആർട്സ് & സയൻസ്, എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകൾ (സർക്കാർ, സ്വകാര്യ, സ്വാശ്രയ കോളേജുകൾ ഉൾപ്പെടെ) IHRD, LBS എന്നിവയുടെ കീഴിലുള്ള കോളേജുകൾ, സർവകലാശാല കാമ്പസുകൾ എന്നിവയിലെ ബിരുദതലം മുതൽ ഗവേഷണതലം വരെയുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്.

**പൊതു നിർദേശങ്ങൾ**

1. പ്രതിപാദ്യ വിഷയത്തെ അടിസ്ഥാനപ്പെടുത്തി 60 സെക്കന്റ് മുതൽ 120 സെക്കന്റ് വരെ ദൈർഘ്യമുള്ള, കുറഞ്ഞത് 1080p റെസൊല്യൂഷൻ ഉള്ള വീഡിയോ/ റീൽസ് തയ്യാറാക്കാവുന്നതാണ്.
2. വ്യക്തിഗത അല്ലെങ്കിൽ ടീം എൻട്രികൾ അനുവദനീയമാണ്. ഒരാൾക്ക്/ടീമിന് ഒന്നിലധികം എൻട്രികളും സമർപ്പിക്കാവുന്നതാണ്.
3. സർഗ്ഗാത്മകവും മൗലികവും യഥാർത്ഥവുമായിരിക്കണം വീഡിയോയുടെ ഉള്ളടക്കം.
4. മറ്റുള്ളവർക്ക് പകർപ്പവകാശമുള്ള ദൃശ്യങ്ങൾ അനുമതി കൂടാതെ ഉപയോഗിക്കാൻ പാടുള്ളതല്ല.
5. വീഡിയോകൾ ഇംഗ്ലീഷിലോ മലയാളത്തിലോ തയ്യാറാക്കാവുന്നതാണ്.

6. മത്സരത്തിനായി സമർപ്പിക്കുന്ന വീഡിയോകൾ സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയോ വകുപ്പ് ചുമതലപ്പെടുത്തുന്ന ഏജൻസികളുടെയോ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രചരണ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും ആവശ്യമെങ്കിൽ പരിഷ്ക്കരിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള പരിപൂർണ അവകാശവും സംസ്ഥാന ഉന്നതവിദ്യാഭ്യാസവകുപ്പിൽ നിഷിപ്തമായിരിക്കും.

7. ചിത്രീകരണത്തിൽ ഏതെങ്കിലും വ്യക്തികൾ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിൽ പ്രസ്തുത വ്യക്തിയിൽ നിന്ന് രേഖാമൂലമുള്ള സമ്മതം നേടിയിരിക്കണം. പ്രായപൂർത്തിയാകാത്ത കുട്ടികളുടെ കാര്യത്തിൽ അവരുടെ മാതാപിതാക്കളിൽ നിന്നോ നിയമപരമായ രക്ഷിതാക്കളിൽ നിന്നോ വ്യക്തമായ രേഖാമൂലമുള്ള സമ്മതം ആവശ്യമാണ്.

8. മതം, വംശം, രാഷ്ട്രീയ പ്രചാരണം, ഏതെങ്കിലും തരത്തിലുള്ള അക്രമം, ഉപദ്രവം അല്ലെങ്കിൽ വിദ്വേഷ പ്രസംഗം എന്നിവ ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ കുറ്റകരമോ അനുചിതമോ ആയി കണക്കാക്കാവുന്ന വിവാദ വിഷയങ്ങൾ ഉൾപ്പെടുന്ന ഉള്ളടക്കം ഒഴിവാക്കണം.

9. നഗ്നത, ലൈംഗികത പ്രകടമാക്കുന്ന, അല്ലെങ്കിൽ അശ്ലീല ഉള്ളടക്കം എന്നിവ കർശനമായി നിരോധിച്ചിരിക്കുന്നു.

10. മദ്യം, പുകയില, നിയമവിരുദ്ധമായ പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം മഹത്വവൽക്കരിക്കുന്ന ദൃശ്യങ്ങൾ മത്സരത്തിനായി സമർപ്പിക്കുന്ന വിഡിയോയിൽ ഉണ്ടാകാൻ പാടുള്ളതല്ല.

11. ഉള്ളടക്കം നിയമവിരുദ്ധമായ പ്രവൃത്തികളെയോ ഹാനികരമായ പെരുമാറ്റത്തെയോ മഹത്വപ്പെടുത്തുന്നവയാകരുത്.

12. അപകടകരമോ ആയ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് സുരക്ഷിതമല്ലാത്ത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വീഡിയോകൾ അനുവദനീയമല്ല.

13. വീഡിയോകൾ പകർപ്പവകാശം, ബൗദ്ധിക സ്വത്തവകാശം അല്ലെങ്കിൽ സ്വകാര്യതാ നിയമങ്ങൾ ഉൾപ്പെടെ, എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുത്താതെ, ഒരു നിയമവും ലംഘിക്കുന്നവയാകരുത്.

14. മത്സരത്തിന് തയ്യാറാക്കുന്ന റീൽസ്/വിഡിയോയുടെ അവസാന ഭാഗത്ത് പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ പേര്, ക്ലാസ്, ഡിപ്പാർട്മെന്റ്, കോളേജ്, കോൺടാക് നമ്പർ, കോളേജിന്റെ ഇ-മെയിൽ ഐഡി, കോൺടാക് നമ്പർ എന്നിവ ഉൾപ്പെടുത്തണം.

15. തയാറാക്കിയ വീഡിയോകൾ ഫേസ്ബുക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് എന്നീ പ്ലാറ്റുഫോമുകളിൽ അപ്‌ലോഡ് ചെയ്ത് അതിന്റെ ലിങ്ക് video.conclave@gmail.com എന്ന മെയിൽ ഐഡിയിലേക്ക് ജനുവരി 2 നു മുൻപായി അയക്കേണ്ടതാണ്. ലിങ്കിനു പുറമെ മത്സരത്തിൽ പങ്കെടുക്കുന്നയാളുടെ പേര്, കോളേജ്, ഈമെയിൽ വിലാസം, ഫോൺ

നമ്പർ, കോളേജ് ഐഡന്റിറ്റി കാർഡ്, വീഡിയോയുടെ ഒരു ഹ്രസ്വ വിവരണം എന്നിവ കൂടി ഈമെയിലിൽ ഉൾപ്പെടുത്തണം.

16. #keralahighereducation എന്ന ഹാഷ്ടാഗോടുകൂടിയാണ് വീഡിയോകൾ അപ്ലോഡ് ചെയ്യേണ്ടത്.
17. മേൽപ്പറഞ്ഞിട്ടുള്ള നിർദേശങ്ങളിൽ മാറ്റം വരുത്താനുള്ള അവകാശം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിക്ഷിപ്തമായിരിക്കും.
18. മത്സര ഫലത്തെ സംബന്ധിച്ച ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

## വീഡിയോകളുടെ മിനിമം ഗുണനിലവാര നിർദേശങ്ങൾ

1. **റെസല്യൂഷൻ (Resolution):**
   - വീഡിയോ **720p (1280x720 പിക്സൽ)**-ൽ കുറയാൻ പാടില്ല.
2. **ഫ്രെയിം റേറ്റ് (Frame Rate):**
   - കുറഞ്ഞത് **24 fps**.
3. **ആസ്പെക്റ്റ് റേഷ്യോ (Aspect Ratio):**
   - **16:9** (വൈഡ്സ്ക്രീൻ) ആസ്പെക്റ്റ് റേഷ്യോ പാലിക്കണം.
4. **ഓഡിയോ ഗുണനിലവാരം:**
   - ശബ്ദം ശുദ്ധമായിരിക്കണം, ഉച്ചാരണവൈകല്യം ഇല്ലാത്തതും വീഡിയോയോട് ഒത്തുചേരുന്നതുമാകണം.
   - പശ്ചാത്തല ശബ്ദം കുറഞ്ഞിരിക്കണം.
5. **ഫയൽ ഫോർമാറ്റ് (File Format):**
   - **MP4 (H.264 codec)** അഭികാമ്യം
6. **കംപ്രഷൻ/എഡിറ്റിംഗ് (Compression and Editing):**
   - വീഡിയോ ഗുണനിലവാരം വർധിപ്പിക്കാൻ പ്രൊഫഷണൽ എഡിറ്റിംഗ് സോഫ്റ്റ്വെയർ ഉപ യോഗിക്കാവുന്നതാണ്.

ഏറ്റവും മികച്ച അഞ്ചു വിഡിയോകൾക്ക് 10000/- രൂപയും പ്രശസ്തി പത്രവും ജനുവരി 14 നു കൊച്ചിൻ സർവകലാശാലയിൽ വെച്ച് നടക്കുന്ന കോൺക്ലേവിന്റെ ഉത്ഘാടന വേദിയിൽ വെച്ച് സമ്മാനിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച 25 വിഡിയോകൾ കോൺക്ലേവിൽ പ്രദർശിപ്പിക്കുന്നതുമാണ്.

**വിശദാംശങ്ങൾക്ക് :** https://keralahighereducation.com/

Phone: 0471- 2301290